Amendment to the BAC report

Uncorrected/Not for publication
09-10-2025

## കാര്യോപദേശക സമിതി റിപ്പോർട്ടിൽ ഭേദഗതി

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, " 2025 സെപ്റ്റംബർ 30-ന് സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട് 2025 ഒക്ടോബർ 10-ന് സഭ പരിഗണിക്കാൻ നിശ്ചയിച്ചിരുന്ന സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള ബില്ലുകൾ ഇന്ന് പരിഗണനയ്ക്കെടുക്കാൻ ഈ സഭ തീരുമാനിക്കുന്നു." എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അവതരിപ്പിച്ച ഉപക്ഷേപം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.